**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിന്റെ സാമൂഹ്യ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന പുതിയ ഇടപെടലുകൾ നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള സഹകരണ മേഖല നിലവിൽ നടത്തിവരുന്ന സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഇടപെടലുകൾ ചുവടെ ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറുകയും കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരള ബാങ്കിന് പുതുതായി ഒരു ഏകീകൃത സോഫ്റ്റ് വെയറിൽ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു. കൂടാതെ ആധുനിക ബാങ്കിംഗ് സേവനങ്ങളായ ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നിവ മിതമായ നിരക്കിൽ സാധാരണ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധന വിനിയോഗത്തിനായി പ്രത്യേകം മൊബൈൽ ആപ്ലിക്കേഷനും അവതരിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി 500 ഓളം എ.റ്റി.എം. കൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>യുവജനങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ജില്ലാ തലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>കേരളസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യപ്രവർത്തക സഹകരണസംഘം |

നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് **'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture**. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിന് 03.06.2020-ൽ അനുമതി നൽകി. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷരം മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്രഅടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർദ്ദേശീയ നിലവാരത്തിൽ ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരം മ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ് കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി, അവിടുത്തെ ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണമൂകാംബികാക്ഷേത്രം സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'അക്ഷരം മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു. ഒമ്പതരക്കോടി രൂപയാണ് ഒന്നാംഘട്ടത്തിന്റെ പദ്ധതി അടങ്കൽ തുക. 25.02.2022-ന് സഹകരണവകുപ്പ് മന്ത്രി ഇന്ത്യാപ്രസ്സ് കോമ്പൗണ്ടിൽ ടി കെട്ടിടത്തിന്റെ തറകല്ലിടൽ കർമ്മം നിർവ്വഹിച്ചു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ULCCS (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം) ആണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നത്.

സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്"എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനു അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപ്പന്നങ്ങളുടെ

ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്കോടുകൂടിയ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി.

2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്ക് വായ്പാ നൽകുന്നതിനുമായി 'സഹായ ഹസ്തം എന്ന വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ നൽകുന്നതിനായി "സഹകരണം സൗഹൃദം" എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴസ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ്

വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും, പുതുതായി നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം വിതരണം, സ്പോർട്ട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്ട്സ്/ അത്ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്

കേരളത്തിലെ തീരദേശ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി 'സ്നേഹതീരം വായ്പാ' പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി 'കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി-2023' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക. എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ്

സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS) ഉം പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്.

ആരോഗ്യ പരിപാലന രംഗത്ത് സഹകരണ ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു. സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തു ചെലവുകൾ കുറച്ച് നിർമ്മാണങ്ങൾ നടത്താനുള്ള ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റികളുണ്ട്.

രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

സമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.റ്റി.സി പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം/ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണത്തിനായുള്ള തുടർ നടപടികൾ സ്വീകിരിച്ചിട്ടുള്ളതും സാമൂഹ്യസുരക്ഷാ പെൻഷൻ സഹകരണ സംഘം/ബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നതുമാണ്.

കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ

പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ പദ്ധതിയായ വിദ്യാതരംഗിണി വായ്പാ പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ ഐ.ടി & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫൈഷനലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ ടി പ്രൊഫെഷണൽ കോപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി-

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് ഒരു ജില്ലയിൽ ഒന്നു വീതം, 14

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച വരുന്നു.<br><br>സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.<br><br>രണ്ട് സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചു. എക്സ്പോയിലൂടെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സാധിച്ചു.. |
| (ബി) | സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്ക് ഉപയുക്തമാക്കുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിച്ച് വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിച്ച് വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി**<br>പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969 ലെ കേരള സഹകരണ നിയമം ചട്ടം 53 ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16.04.2023 ലെ സ.ഉ(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018** |

| | | | |
|---|---|---|---|
| | | | 1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലൈമായിട്ടാണ് തുക നൽകുന്നത്. കേരളാ ബാങ്കിലെ നിക്ഷേപം കേരളത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി വിവധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരളാ ബാങ്കിലെ നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി DICGC യുടെ 5 ലക്ഷം രൂപവരെയുള്ള പരിരക്ഷ നിക്ഷേപകർക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (സി) | സാധാരണക്കാരായ സഹകാരികളെ അവരുടെ വ്യക്തിപരമായ വിഷമ ഘട്ടങ്ങളിൽ സഹായിക്കുന്നതിനായി എന്തെല്ലാം സ്കീമുകളാണ് നിലവിലുള്ളത്; | (സി) | സാധാരണക്കാരായ സഹകാരികളെ അവരുടെ വ്യക്തിപരമായ വിഷമഘട്ടങ്ങളിൽ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (Risk fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്.<br><br>കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.<br><br>സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത ആൾ മരണപ്പെടുകയോ / |

| | | | |
|---|---|---|---|
| | | | മാരകരോഗം പിടിപ്പെടുകയോ ചെയ്യുന്ന വായ്പാക്കാർക്ക് നഷ്ടപരിഹാരമായി നല്കുന്ന റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് സർക്കാർ അംഗീകരിച്ച് നല്കിയ റിസ്ക് ഫണ്ട് നിയമാവലിക്കു വിധേയമായിട്ടാണ്.<br><br>സാധാരണക്കാരായ ഇടപാടുകാരുടെയും സഹകാരികളുടെയും വ്യക്തിപരമായ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും പരിഗണിച്ചുകൊണ്ട് വിവിധങ്ങളായ സ്കീമുകൾ കേരളബാങ്കിൽ കൂടി നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | സാംസ്കാരിക മേഖലയിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ ശക്തമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ഡി) | സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായി രൂപീകരിച്ച സഹകരണ സംഘമാണ് സാഹിത്യപ്രവർത്തക സഹകരണ സംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻ മാരുടെ എഷ്യയിലെ തന്നെ ആദ്യത്തെ സഹകരണസംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നത് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്.<br><br>കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കികൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കികൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷരം മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്രഅടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർ ദേശീയ നിലവാരത്തിൽ ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരം മ്യൂസിയം' പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം |

| | | | |
|---|---|---|---|
| | | | ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ് കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി, അവിടുത്തെ ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബികാക്ഷേത്രം സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'അക്ഷരം മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു.<br><br>സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആർട്ട് ഗാലറികൾ, സാംസ്കാരിക വേദികൾ എന്നിവയുടെ രൂപീകരണത്തിന് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ നിന്നും പ്രോജക്റ്റിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക അനുവദിച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ